ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:07.10.2025**

## പ്രധാനവാർത്തകൾ

1. ശബരിമല ക്ഷേത്രത്തിലെ സ്വർണപ്പാളി വിഷയത്തിൽ നിയമസഭയിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. സഭ ഇന്നത്തേക്ക് പിരിഞ്ഞു.

2. ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ജാതിസർട്ടിഫിക്കറ്റ് വിഷയത്തിൽ കേന്ദ്ര ഇടപെടൽ ആവശ്യപ്പെടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. ഇന്ത്യ മൊബൈൽ കോൺഗ്രസ് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

4. വിദേശ തൊഴിൽ കുടിയേറ്റ നടപടികളിൽ സുതാര്യത ഉറപ്പാക്കുന്നതിനുള്ള ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി.

5. സംസ്ഥാനത്ത് നാളെ മുതൽ വ്യാപക മഴയ്ക്ക് സാധ്യത. ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത. അറബിക്കടലിന്റെ വടക്ക് - പടിഞ്ഞാറൻ ഭാഗങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്ക്.

RNU TVPM

**നിയമസഭ - സ്പീക്കർ ( ഇൻട്രോ )**

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ നിയമസഭയിൽ തുടർച്ചയായ രണ്ടാം ദിവസവും പ്രതിപക്ഷ പ്രതിഷേധം. നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ല പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയിസ്.....)**

**മുഖ്യമന്ത്രി - ജാതിസർട്ടിഫിക്കറ്റ്**

RAJU TVPM

ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ജാതിസർട്ടിഫിക്കറ്റ് വിഷയത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിലേക്ക് കുടിയേറുന്നവർക്ക് സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് കേന്ദ്ര മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് എ. രാജയുടെ ശ്രദ്ധ ക്ഷണിക്കലിന് നൽകിയ മറുപടിയിൽ അദ്ദേഹം വ്യക്തമാക്കി. 1950-നു മുമ്പ് കേരളത്തിലേക്ക് കുടിയേറുകയും സ്ഥിരതാമസമാക്കുകയും ചെയ്ത തമിഴ് ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മാത്രമാണ് നിലവിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. ഈ കാലപരിധി 1970 ജനുവരി 1-നു മുമ്പായി പുനർനിർണ്ണയിക്കണമെന്നാണ് സംസ്ഥാനത്തിൻ്റെ ശുപാർശ.

## നിയമസഭ - മന്ത്രി കേളു

ഉന്നതി ഓവർസീസ് സ്കോളർഷിപ് പദ്ധതിയിലൂടെ പട്ടിക ജാതി - പട്ടിക വർഗ വിഭാഗത്തിലെ 1,039 വിദ്യാർത്ഥികളെ വിദേശ രാജ്യങ്ങളിലേക്ക് അയച്ചതായി മന്ത്രി ഒ ആർ കേളു. വിദേശ പഠനത്തിന് പോകുന്ന പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലനം ഉറപ്പാക്കുമെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

## നിയമസഭ - ബിൽ

PRNU TVPM

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ, 2025ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ, കേരള കയർ തൊഴിലാളി ക്ഷേമനിധി ഭേദഗതി ബിൽ, കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ഭേദഗതി ബില്ല് തുടങ്ങിയവ പ്രതിപക്ഷ ബഹളത്തിനിടെ നിയമസഭ പാസ്സാക്കി.

## മുഖ്യമന്ത്രി -ഗ്ലോബൽ മൊബിലിറ്റി

സുരക്ഷിതമായ കുടിയേറ്റം ഉറപ്പാക്കാൻ സർക്കാരും റിക്രൂട്ട്മെന്റ് ഏജൻസികളും സഹകരിച്ചു മുന്നേറണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുടിയേറ്റത്തിനു ശ്രമിക്കുന്നവരെ ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋

## പ്രതിപക്ഷ നേതാവ്

RNU TVPM

ശബരിമലയിലെ സ്വർണപ്പാളി വിഷയം അറിഞ്ഞിട്ടും ദേവസ്വം ബോർഡ് മറച്ചുവെച്ചതായി പ്രതിപക്ഷ നേതാവ് വി.ഡി സതീഷൻ ആരോപിച്ചു. ഇതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥരെ പുറത്തു കൊണ്ടു വരണമെന്നും ദേവസ്വം മന്ത്രി രാജി വയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

❋❋❋❋❋❋❋❋❋❋❋❋❋

## ബിജെപി മാർച്ച്

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ ബി ജെ പി നാളെ ക്ലിഫ് ഹൗസിലേക്ക് മാർച്ച് നടത്തും. സംഭവം കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്നും ദേവസ്വം മന്ത്രിയും

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റും രാജിവയ്ക്കണമെന്നും ബിജെപി ആവശ്യപ്പെട്ടു.

## ശബരിമല പരിശോധന

സ്വർണപ്പാളി വിഷയത്തിൽ ശബരിമലയിൽ വിജിലൻസ് എസ്.പിയുടെ നേതൃത്വത്തിലുള്ള സംഘം പരിശോധന നടത്തി. തിരുവാഭരണം കമ്മീഷണർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെയുള്ളവർ അന്വേഷണ സംഘത്തിനൊപ്പം ഉണ്ടായിരുന്നു.

RAJU TVPM

## കാസർഗോഡ്-ഇൻഡ്രോ

കാസർഗോഡ് ജില്ലയിലെ സുരങ്ക ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളെ ശക്തിപ്പെടുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് കേന്ദ്രസംഘം. ജില്ലയിലെ ജൽശക്തി അഭിയാൻ പ്രവർത്തനങ്ങൾ സംഘം വിലയിരുത്തി.

***ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ തയ്യാറാക്കിയ റിപ്പോർട്ട്.........***

***(വോയിസ്)***

## ട്രെയിൻ സമയം

തിരുവനന്തപുരം നോർത്തിൽ നിന്ന് ബെംഗളൂരുവിലേക്ക് ഇന്ന് വൈകിട്ട് 3.15 ന് പുറപ്പെടേണ്ടിയിരുന്ന പ്രത്യേക ട്രെയിൻ സർവ്വീസ് വൈകിട്ട് 6.05 ന് യാത്ര തിരിക്കുമെന്ന് റെയിൽവെ അറിയിച്ചു.

---

## മുതലപ്പൊഴി

തിരുവനന്തപുരം മുതലപ്പൊഴി അഴിമുഖത്തെ മണൽനീക്കം പൂർണതോതിൽ പുനരാരംഭിച്ചു. കണ്ണൂർ അഴീക്കൽ തുറമുഖത്ത് നിന്ന് എത്തിച്ച ചന്ദ്രഗിരി ഡ്രഡ്ജ്ജറിൻറെ കേടുപാടുകൾ തീർത്തതോടെയാണ് മണൽനീക്കം പുനരാരംഭിയ്ക്കാൻ സാധിച്ചത്. കാലവർഷത്തിനുമുന്നേ മണൽ നീക്കി അഴിമുഖം അപകടരഹിതമാക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തെത്തുടർന്നാണ് നടപടി.

RNU TVPM

---

## ജിഎസ്ടി

മഹാരാഷ്ട്രയിലെ കർഷകർക്കും, കരകൗശല വിദഗ്ധർക്കും, ചെറുകിട വ്യവസായങ്ങൾക്കും ആശ്വാസമായി പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ. 12 ശതമാനം നികുതി 5 ശതമാനമാക്കി കുറച്ച നടപടി ശുദ്ധീകരിച്ച

പഞ്ചസാരയുടെ വില ഏഴു ശതമാനത്തോളം കുറയാൻ കാരണമാകും.

## മൊബൈൽ കോൺഗ്രസ്

ഇന്ത്യ മൊബൈൽ കോൺഗ്രസ് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹിയിലെ യശോഭൂമി കൺവെൻഷൻ സെന്ററിലാണ് നാല് ദിവസത്തെ സമ്മേളനം നടക്കുന്നത്. സാങ്കേതിക നവീകരണത്തിലൂടെ പരിവർത്തനം" എന്നതാണ് പരിപാടിയുടെ പ്രമേയം. 7,000 അന്താരാഷ്ട്ര പ്രതിനിധികൾ ഉൾപ്പെടെ ഏകദേശം ഒരു ലക്ഷത്തി അമ്പതിനായിരം പേർ പരിപാടിയിൽ പങ്കെടുക്കും.

RNU TVPM

## ജോർജ് കുര്യൻ - പാലക്കാട്

പി.എം. വികാസ് യോജനയ്ക്ക് കീഴിൽ പാലക്കാട് ഐഐടിയ്ക്ക് അനുവദിച്ച പദ്ധതികളുടെ ധാരണാപത്രം നാളെ ഒപ്പുവയ്ക്കും. ന്യൂനപക്ഷ മന്ത്രാലയവും ഐഐടി പാലക്കാടും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ അധ്യക്ഷനാകും.

## വയോജനങ്ങൾ വയനാട്ടിലേക്ക്(ഇൻട്രോ)

രാജ്യത്തെ ഏറ്റവും വലിയ വയോജന ഉല്ലാസയാത്ര സംഘടിപ്പിച്ച് മലപ്പുറം നഗരസഭ. കോഴിക്കോട് നിന്നുള്ള ട്രാവൽസ് ഏജൻസിയാണ് മൂവായിരത്തിലേറെ വയോജനങ്ങളെ പങ്കെടുപ്പിച്ചുള്ള യാത്രയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നത്.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**
**( വോയിസ്..... )**

❁❁❁❁❁❁❁❁❁❁❁❁❁

**ശക്തി-മഴ**

അറബിക്കടലിൽ രൂപം കൊണ്ട ശക്തി ചുഴലിക്കാറ്റ് ദുർബലമാകുന്നു. വടക്കുപടിഞ്ഞാറൻ അറബിക്കടലിൽ നിന്നും തെക്കുകിഴക്ക് ദിശയിലേക്ക് നീങ്ങുന്ന ചുഴലിക്കാറ്റ് ന്യൂനമർദമായി മാറാനാണ് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതേസമയം, സംസ്ഥാനത്ത് നാളെ മുതൽ വ്യാപക മഴയ്ക്ക് സാധ്യത. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അറബിക്കടലിന്റെ വടക്ക് - പടിഞ്ഞാറൻ ഭാഗങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**ഹജ്ജ്**

RIU TVPM

ഹജ്ജ് ട്രെയിനർമാരാകുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ hajcommittee.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി ഈ മാസം 20 വരെ അപേക്ഷ സമർപ്പിക്കാം.

❋❋❋❋❋❋❋❋❋❋❋❋❋

## നവരാത്രി വിഗ്രഹങ്ങൾ

നവരാത്രി പൂജയിൽ പങ്കെടുത്ത ശേഷം വിഗ്രഹങ്ങൾ പത്മനാഭപുരത്തേക്ക് മടങ്ങി. ഇന്നലെ എത്തിച്ച വിഗ്രഹങ്ങൾക്ക് കോട്ട വാതിൽക്കൽ വൻ വരവേൽപ്പാണ് നൽകിയത്. സരസ്വതി ക്ഷേത്രത്തിനു മുന്നിൽ എത്തിയ വിഗ്രഹങ്ങൾക്ക് കേരള പൊലീസ് ഗാർഡ് ഓഫ് ഓണർ നൽകി. ഘോഷയാത്രയോടൊപ്പം കൊണ്ടുപോയ ഉടവാൾ കൊട്ടാരം അധികൃതർ ഏറ്റുവാങ്ങി. വേളിമല കുമാരസ്വാമിയെ കുമാരകോവിലിലേയ്ക്കു എഴുന്നള്ളിച്ചു. കൽക്കുളം നീലകണ്ഠസ്വാമി ക്ഷേത്രത്തിൽ വിശ്രമിച്ച മുന്നൂറ്റിനങ്ക വിഗ്രഹത്തെ ഇന്ന് ശുചീന്ദ്രത്തേക്ക് എഴുന്നള്ളിക്കും.

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

## വാൽമികി ജയന്തി - ആശംസ

വാൽമീകി ജയന്തി ദിനത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഇന്ത്യൻ സംസ്കാരത്തിന്റെ അടിത്തറ പാകിയ വ്യക്തികളിൽ ഒരാളായ വാൽമീകി പകർന്ന് നൽകിയ ആശയങ്ങൾ തുടരാൻ സാധിക്കട്ടെയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. സാമൂഹിക ഐക്യത്തിൽ വേരൂന്നിയ മഹർഷി വാൽമീകിയുടെ പാഠങ്ങൾ രാഷ്ട്രത്തെ പ്രചോദിപ്പിക്കുകയും പ്രകാശത്തിലേക്ക് നയിക്കുകയും ചെയ്യുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി + സ്വർണ്ണ വില**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 255 പോയിന്റ് ഉയർന്ന് 82,049 ലും നിഫ്റ്റി 68 പോയിന്റ് നേട്ടത്തിൽ 25,146 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കൂടി. പവന് 920 രൂപ കൂടി 89,480 രൂപയും ഗ്രാമിന് 11,185 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

**നൊബേൽ**

ഭൗതികശാസ്ത്ര നൊബേൽ പുരസ്കാരം ഇന്ന് പ്രഖ്യാപിക്കും. ഇന്ത്യൻ സമയം വൈകിട്ട് 3.15ന് സ്റ്റോക്ക്ഹോമിൽ റോയൽ സ്വീഡിഷ് അക്കാഡമി ഓഫ്

RNU TVPM

സയൻസാണ് പ്രഖ്യാപനം നടത്തുക. പ്രതിരോധശേഷിയുമായി ബന്ധപ്പെട്ട കണ്ടെത്തലിന് മൂന്നുപേർ ഈ വർഷത്തെ വൈദ്യശാസ്ത്ര നൊബേൽ പങ്കിട്ടു.

## ഗാസ യുദ്ധം

ഇസ്രായേൽ - ഗാസ യുദ്ധം ആരംഭിച്ച് ഇന്ന് രണ്ടു വർഷം. ഇരുപക്ഷങ്ങളും തമ്മിലുള്ള ശത്രുത ഉടൻ അവസാനിപ്പിക്കണമെന്ന് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ആവശ്യപ്പെട്ടു. 2023 ഒക്ടോബർ 7 ന് ഇസ്രായേലിൽ ഹമാസ് ആക്രമണത്തിൽ 1,200 പേർ കൊല്ലപ്പെട്ടതോടെയായിരുന്നു സംഘർഷം രൂക്ഷമായത്. ഇസ്രായേൽ തിരിച്ചടിയിൽ ഇതുവരെ 70,000 ത്തോളം പലസ്തീൻ പൗരന്മാരാണ് കൊല്ലപ്പെട്ടത്. കഴിഞ്ഞ ദിവസം ഈജിപ്റ്റിൽ നടന്ന സമാധാന ചർച്ചയിൽ ബന്ദികളെ മോചിപ്പിക്കാൻ ഹമാസ് സമ്മതിച്ചതായി റിപ്പോർട്ടുണ്ട്.

RNUTVPM

RNIU TVPM